# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7492

14-07-2014-ൽ മറുപടിക്ക്

### പഞ്ചായത്തുകളിൽ പുതുക്കിയ കെട്ടിട നികുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം,ഉമ്മർ മാസ്റ്റർ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) നികുതി ഘടനയിൽ മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ : | (എ) വസ്തുനികുതി നിർണ്ണയിക്കുന്നതിൽ വാർഷിക വാടകമൂല്യം കണക്കാക്കുന്നതിന് പകരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് ഉദ്ദേശിച്ച് 2009 ..ൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ഭേദഗതി ചെയ്യുകയുണ്ടായി. അതിനുശേഷം 2011 .ൽ കേരളപഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.. വ്യത്യസ്ത ഉപയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ചുമത്തേണ്ട പരിഷ്കരിച്ച നികുതി നിരക്ക് നിശ്ചയിച്ച് 14/01/2011 ൽ .സ.ഉ.(അ) നം.19/11/തസ്വഭവ നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.. തുടർന്ന് 2013 .ൽ ചട്ടങ്ങളിൽ ഭേദഗതി ഉണ്ടായി. അതനുസരിച്ച് വസ്തുനികുതി പരിഷ്കരണ നടപടികൾ ഗ്രാമ പഞ്ചായത്തുകളിൽ പുരോഗമിച്ചുവരുന്നു. |

| | |
|---|---|
| (ബി) മതസ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും കീഴിലുള്ള സ്ഥാപനങ്ങൾക്ക് നികുതിയിളവ് നൽകിയിട്ടുണ്ടോ: ഇല്ലെങ്കിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) .പൊതു ആരാധനയ്ക്കായി നീക്കി വച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ , മതപാഠശാലകൾ എന്നിവയെ 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 207(എ) വകുപ്പ് പ്രകാരവും അഗതികൾക്കോ അനാഥർക്കോ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്കോ മാരക രോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും ധർമ്മ കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനം നൽകുന്നതിനുമായ കെട്ടിടങ്ങൾ എന്നിവയെ 207 (ഡി) വകുപ്പ് പ്രകാരവും നികുതി ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ